## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2474      20.06.2012-ൽ മറുപടിയ്ക്ക്

### എം.ആർ.എസുകളിൽ പ്ളസ്ടു കോഴ്സ്

**ചോദ്യം**

ശ്രീ.കെ. രാധാകൃഷ്ണൻ

**ഉത്തരം**

ശ്രീ. എ. പി. അനിൽകുമാർ

(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ | മുൻ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി വികസന വകുപ്പിൻ കീഴിൽ എം.ആർ. എസുകളിലായി എത്ര പ്ളസ്ടു കോഴ്സുകൾ ആരംഭിച്ചുവെന്നും അതുവഴി പ്ളസ്ടുവിന് എത്ര സീറ്റുകളാണ് വർദ്ധിപ്പിച്ചതെന്നും വ്യക്തമാക്കുമോ; | എ | മുൻ സർക്കാരിന്റെ കാലത്ത് ആലപ്പുഴ പുന്നപ്ര എം.ആർ.എസിൽ 35 സീറ്റുളള പ്ളസ് ടു കോഴ്സ് (സയൻസ്), പാലക്കാട് തൃത്താല എം.ആർ. എസ് ൽ 35 സീറ്റുളള പ്ളസ് ടു കോഴ്സ് (സയൻസ്), എറണാകുളം കീഴ്മാട് എം.ആർ.എസ് ൽ 50 സീറ്റുളള പ്ളസ് ടു കോഴ്സ് (സയൻസ്), തിരുവനന്തപുരം ശ്രീ. അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിൽ 30 സീറ്റുളള പ്ളസ് ടു കോഴ്സ് (ഹ്യൂമാനിറ്റീസ്) എന്നിവ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഇടുക്കി എം.ആർ.എസ് ൽ 35 സീറ്റുകൾ വീതമുളള 2 പ്ളസ് ടു കോഴ്സുകൾ (സയൻസ്-1, ഹ്യുമാനിറ്റീസ്-1) അനുവദിച്ചുവെങ്കിലും സൗകര്യക്കുറവുമൂലം കോഴ്സുകൾ ആരംഭിക്കാൻ കഴിഞ്ഞിരുന്നില്ല. ഈ വർഷം ഒരു പ്ളസ് ടു കോഴ്സ് (ഹ്യുമാനിറ്റീസ്) ആരംഭിക്കുന്നതിനുളള നടപടി സ്വീകരിച്ചു വരികയാണ്. മേൽപ്പറഞ്ഞ പ്രകാരം ആകെ 220 സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. |
| ബി | ഈ സർക്കാർ അധികാരമേറ്റ ശേഷം എം.ആർ.എസുകളിൽ എത്ര പ്ളസ്ടു കോഴ്സുകൾ ആരംഭിച്ചുവെന്നും അതുവഴി പ്ളസ്ടുവിന് എത്ര സീറ്റുകൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞുവെന്നും അറിയിക്കുമോ ? | ബി | ഈ സർക്കാർ അധികാരമേറ്റ ശേഷം വകുപ്പിന് കീഴിലുളള എം.ആർ.എസ് - കളിൽ പുതിയ പ്ളസ് ടു കോഴ്സ് അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ